"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം 568/09 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.76/2025/PWD തിരുവനന്തപുരം, തീയതി,17-01-2025

---

പരാമർശം:- 1. സഉ(സാധാ)313/2019/പൊമവ തീയതി 01.03.2019

2 സഉ(അച്ചടി)32/2019/ധന തീയതി 18.03.2019

3. സഉ(സാധാ)317/2023/പൊമവ തീയതി 15.03.2023

4. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 06.01.2025 ലെ CEPWD/4337/2023-C3(F)-NH നം. കത്ത്.

**<u>ഉത്തരവ്</u>**

ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം.568/09 ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം 97,492/- രൂപയും, പരാമർശം 3 ലെ ഉത്തരവ് പ്രകാരം 3,223/- രൂപയും അനുവദിച്ചിരുന്നു. പരാമർശം 3 പ്രകാരം അനുവദിച്ച തുകയ്ക്ക് BAMS ഫണ്ട് അനുവദിക്കാൻ സാധിക്കാത്തതിനാൽ ബാക്കിതുകയ്ക്ക് 2025 വരെയുള്ള പലിശ സഹിതം 3796/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ 568/09 ലെ ഉത്തരവ് പ്രകാരം ഒടുക്കുവാൻ ബാക്കിയുള്ള തുകയായ 3,796/- രൂപ (മൂവായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) യുടെ ഭരണാനുമതി അധിക തുക തിരിച്ചടയ്ക്കണമെന്ന നിബന്ധനയോടെ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3.പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീദേവി ഇ എസ്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, കൊല്ലം
ജില്ലാകളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 17-01-2025 14:03:44
സെക്ഷൻ ഓഫീസർ